കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 08 | 2023 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## പവിത്രം ശബരിമല ശുചീകരണ യജ്ഞത്തിന് തുടക്കം

ശബരിമലയെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ച ശബരിമല സമ്പൂർണ്ണ ശുചീകരണ യജ്ഞ പദ്ധതി പവിത്രം ശബരിമലയുടെ ഭാഗമായുള്ള പരിസര ശുചീകരണം സന്നിധാനത്ത് നടന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡ ് അഡ്വ.കെ അനന്തഗോപൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രസിഡ ിനൊപ്പം നടന്ന ശുചീകരണത്തിൽ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ എച്ച് കൃഷ്ണകുമാർ, അസി.എക്സി ഓഫീസർ എ രവികുമാർ, പി ആർ ഒ സുനിൽ അരുമാനൂർ മറ്റ് ജീവനക്കാർ ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു. നിത്യവും ഒരു മണിക്കൂർ വീതമാണ് പവിത്രം ശബരിമലയുടെ ഭാഗമായി സന്നിധാനവും പരിസരവും ശുചീകരിക്കുക.

(പി.ആർ. ശബരി - 247)

## മകരവിളക്ക്: ഒരുക്കങ്ങൾ വിലയിരുത്തി ദേവസ്വം പ്രസിഡ ്.

മകരവിളക്ക് മഹോൽസവത്തിന്റെ മുന്നോടിയായി സന്നിധാനത്തും പരിസര പ്രദേശങ്ങളിലും നടക്കുന്ന മുന്നൊരുക്കങ്ങൾ തിരുവിതാംകൂർ ദേവസ്വം പ്രസിഡ ് അഡ്വ.കെ അനന്തഗോപൻ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. മകരജ്യോതി ദർശിക്കാൻ പതിനായിരങ്ങൾ തമ്പടിക്കുന്ന പാ ിത്താവളം, മാങ്കു ഭാഗങ്ങളിലായിരുന്നു പ്രസിഡ ിന്റേയും സംഘത്തിന്റേയും സന്ദർശനം.

പാ ിത്താവളത്തിലെ നിലമൊരുക്കൽ, ബാരിക്കേഡ് നിർമ്മാണം, കുടിവെള്ള വിതരണ സംവിധാനങ്ങൾ തുടങ്ങിയവ സംഘം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. തുടർന്ന് ഉരൽക്കുഴി, പുല്ലുമേടു നിന്നുള്ള തീർത്ഥാടക വഴികൾ എന്നിവയും സംഘം സന്ദർശിച്ചു. ശേഷം അപകടമു ായ വെടിമരുന്ന് ശാല സന്ദർശിച്ച പ്രസിഡ ് വിവരങ്ങൾ ചോദിച്ചറിഞ്ഞു.മരാമത്ത് വിഭാഗം അസി.എഞ്ചിനിയർ സുനിൽ കുമാർ, ഫെസ്റ്റിവെൽ കൺട്രോളർ രാജേഷ്, ദേവസ്വം പിആർഒ സുനിൽ അരുമാനൂർ എന്നിവരും പ്രസിഡ ിനെ അനുഗമിച്ചു.

(പി.ആർ. ശബരി-248)

## പമ്പയും പരിസരവും ശുചീകരിച്ചു

മകരവിളക്ക് മഹോൽസവത്തിൽ ജനത്തിരക്കേറുവാനുള്ള സാധ്യത കണക്കിലെടുത്ത് പമ്പാനദിയും പരിസരപ്രദേശങ്ങളും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ശുചീകരിച്ചു. പമ്പാനദിയിലെ ജലത്തിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിധ്യമേറുന്നതായും ജലജന്യ രോഗപകർച്ചയ്ക്ക് സാധ്യതയുള്ളതായും ആരോഗ്യവകുപ്പിന്റെ പ്രത്യേക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണിത്. റിപ്പോർട്ടിനെ തുടർന്ന് എ.ഡി.എം. വിഷ്ണുരാജ് വിളിച്ചുചേർത്ത പ്രത്യേക യോഗത്തിലാണീ നടപടി.

പരിപാടി പമ്പാ പോലീസ് സ്പെഷ്യൽ ഓഫീസർ അബ്ദുൽഖാദർ ഉദ്ഘാടനം ചെയ്തു. ഡ്യൂട്ടി മജിസ്ട്രേറ്റ് എൻ.കെ കൃപ അധ്യക്ഷത വഹിച്ചു. റവന്യൂ, പോലീസ്, ഫയർ, ഫോറസ്റ്റ്, ഇറിഗേഷൻ, ആരോഗ്യം, മാലിന്യനിയന്ത്രണ വകുപ്പുകളിലെ ജീവനക്കാർ, വിശുദ്ധിസേനാംഗങ്ങൾ, തൊഴിലാളികൾ എന്നിവർ പങ്കെടുത്തു. പമ്പയിൽ കെട്ടിക്കിടന്ന നാശമായ തുണിയുൾപ്പടെയുള്ള മാലിന്യങ്ങളാണ് നീക്കിയത്.

(പി.ആർ. ശബരി- 249)



വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.